# മേക്ക് ഇൻ ഇന്ത്യ വിജയിപ്പിക്കാൻ ഗവേഷണവും സ്കിൽ ഡവലപ്മെന്റും അത്യാവശ്യം

രാജ്യത്തിൽ സാമ്പത്തിക വളർച്ചയുണ്ടായാൽ അത് ദാരിദ്ര്യം കുറയ്ക്കും. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരവും ഉയരും. ചുമ്മാതല്ല എല്ലാ രാജ്യങ്ങളും നല്ല സാമ്പത്തിക വളർച്ച നേടാൻ പരിശ്രമിക്കുന്നതും ഓരോ കൊല്ലവും നേടുന്ന വളർച്ചാ നിരക്ക് കൊട്ടിഘോഷിക്കുന്നതും. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അളവുകോൽ ആ രാജ്യത്തിന്റെ ജി.ഡി.പി. ആണ് – ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്. അതായത് ആ രാജ്യത്തിൽ ഒരു വർഷക്കാലത്ത് ഉത്പാദിപ്പിച്ചെടുക്കുന്ന എല്ലാ ഉത്പന്നങ്ങളുടെയും അവിടെ ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളുടെയും വിപണിവിലയുടെ ആകെത്തുക. ഇതിനേക്കാൾ പ്രധാനമാണ് ശരാശരി ആളൊന്നിന് നേടുന്ന ഉത്പാദനം. അതായത് ആളോഹരി ജി.ഡി.പി. – ആളോഹരി ഉത്പന്നത്തിന്റെ/സേവനത്തിന്റെ മതിപ്പുവില. ഇതാണ് രാജ്യത്തിലെ ജനങ്ങളുടെ സുഭിക്ഷതയുടെയും ജീവിതനിലവാരത്തിന്റെയും യഥാർത്ഥ അളവുകോൽ. ഒരു രാജ്യത്ത് സുഭിക്ഷതയുണ്ടാകണമെങ്കിൽ അവിടുത്തെ ജി.ഡി.പി., ജനസംഖ്യാ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ വർധിക്കണമെന്നർത്ഥം. 2016–ാമാണ്ടിൽ ഇന്ത്യയുടെ മൊത്തം ജി.ഡി.പി. 2.20 ട്രില്ല്യൻ അമേരിക്കൻ ഡോളർ. അതായത് 22,000,000,000,000 (ഇരുപത്തിരണ്ടുലക്ഷം കോടി അമേരിക്കൻ ഡോളർ. അതായത്, 1500 ലക്ഷം കോടി രൂപ) അതുപോലെ 2016–ലെ നമ്മുടെ ആളോഹരി വരുമാനം $ 1800. അതായത് 1,12,000 രൂപ, പ്രതിമാസം 11,000 രൂപ. ഇന്ന് ചൈനയുടെ ആളോഹരി വരുമാനം $ 10,500. അതായത് ഇന്ത്യയുടെ വരുമാനത്തിന്റെ ആറുമടങ്ങ്!

1980 വരെ ഇന്ത്യയും ചൈനയും സാമ്പത്തിക നിലവാരത്തിലും വളർച്ചാനിരക്കിലും ആളോഹരി വരുമാനത്തിലും വൈദ്യുതി ഉല്പാദനശേഷി, കയറ്റുമതിയിൽനിന്നും നേടുന്ന വിദേശനാണ്യം മുതലായ വിഷയങ്ങളിൽ ഒരേതലത്തിലായിരുന്നു. പക്ഷേ, 1980 കഴിഞ്ഞ് ചൈനയിൽ നാം കണ്ടത് വമ്പിച്ച ഒരു കുതിച്ചുചാട്ടമായിരുന്നു. മാവോ സേതൂങ്ങിന്റെ മരണത്തിനുശേഷം അധികാരത്തിൽ വന്ന ഡെങ് സിയാവോ പിങ് കമ്മ്യൂണിസ്റ്റ് നയങ്ങൾ വലിച്ചെറിഞ്ഞു പ്രായോഗിക സാമ്പത്തിക നിലപാടുകൾ സ്വീകരിച്ചു. അമേരിക്കയിൽനിന്നും മറ്റുള്ള കോർപ്പറേറ്റ് ഭീമന്മാരുടെ നിക്ഷേപം ആകർഷിച്ചുകൊണ്ടുവരാൻ ഒട്ടേറെ സൗജന്യങ്ങൾ വാഗ്ദാനം ചെയ്തു. ഓവർടൈമോ വിശ്രമമോ ഇല്ലാതെ നിസാരകൂലിക്ക് തൊഴിലാളികളെ പണിയെടുപ്പിച്ചു. പലപ്പോഴും ദിവസം ഒന്നിന് പതിമൂന്നും പതിനാലും മണിക്കൂർ. ആഴ്ചയിൽ ആറു ദിവസം പണി. 30 കൊല്ലക്കാലം ആണ്ടുതോറും ചൈനയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത വളർച്ച ലഭ്യമായി. പക്ഷെ, 2010 കഴിഞ്ഞപ്പോഴേയ്ക്കും ചൈനയിലും സാമ്പത്തികമാന്ദ്യത്തിന്റെ കെടുതികൾ കണ്ടുതുടങ്ങി. അതിനകം ചൈന ഇന്ത്യയേക്കാൾ ബഹുദൂരം മുന്നോട്ടു പോയിക്കഴിഞ്ഞിരുന്നു. നമ്മേക്കാൾ ഏഴു മടങ്ങ് വലിപ്പമുള്ള സമ്പദ്‌വ്യവസ്ഥയായ ചൈനയോടൊപ്പമെത്താൻ ഇനി നമുക്ക് എന്നെങ്കിലും കഴിയുമോ എന്ന് സംശയമാണ്.

ഏതായാലും മാന്യമായ നിലയിൽ മുന്നോട്ടുപോകാൻ ഇന്ത്യയും ആണ്ടുതോറും 10 ശതമാനമെങ്കിലും വളർച്ചാനിരക്ക് വരുംവർഷങ്ങളിൽ നേടിയെടുത്തേ തീരൂ. നമ്മുടെ ജി.ഡി.പിയുടെ വളർച്ച വേഗത്തിൽ ആക്കാൻ എന്തു ചെയ്യണം?

നമ്മുടെ ഇപ്പോഴത്തെ സാമ്പത്തിക നടപടികൾക്ക് പുതിയ ആക്കവും ഊക്കവും നൽകി വളർച്ചാനിരക്ക് വർധിപ്പിക്കണം. കൂടുതൽ അസംസ്കൃത വസ്തുക്കൾ നമ്മുടെ വ്യവസായശാലകളിൽ എത്തിച്ച് ഉത്പന്ന നിർമാണ അളവ് ഉയർത്തണം. പക്ഷേ, ഇതിന് പുതിയ ടെക്നോളജികൾ വേണം. അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് പുതിയ മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കണം. ആധുനിക ഫാക്ടറികൾ വേണം, വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിച്ച് ഫാക്ടറികളിൽ ജോലിക്ക് നിയമിക്കണം. കുറഞ്ഞ അളവിലുള്ള നാമമാത്രമായ ഉത്പാദന വർധനവ് മാത്രമാണ് ഇപ്പോൾ നാം വർഷാവർഷം നേടിയെടുത്തുകൊണ്ടിരിക്കുന്നത്. പുതിയ ടെക്നോളജി, പുതിയ ഫാക്ടറികൾ, വിദഗ്ധ പരിശീലനം ലഭിച്ച തൊഴിലാളികൾ ഇവ ലഭ്യമാക്കിയേ തീരൂ. ഇന്ത്യയിലെ ഉത്പന്ന നിർമ്മാണ ഫാക്ടറികൾ മിക്കതും വളരെ ചെറിയ വലിപ്പമുള്ള സ്വകാര്യ സംരംഭങ്ങളാണ്. ഉയർന്ന തോതിൽ ഉത്പാദനം നടന്നാലല്ലേ ആധുനിക യന്ത്രവത്കൃത ഉത്പാദന പ്രക്രിയകൾ നടപ്പിലാക്കാനും ഉത്പാദനം വൻതോതിൽ വർധിപ്പിക്കാനും കഴിയൂ? (Economies of scale). യന്ത്രവത്കൃത ഉത്പാദനം ഇന്ത്യയിൽ തീരെ കുറവാണ്. ചുമ്മാതല്ല നമ്മുടെ മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതി യാതൊരു മുന്നേറ്റവും നേടാനാവാതെ ഇഴഞ്ഞുനീങ്ങുന്നത്. നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ വ്യവസായ ഉത്പാദനത്തിന്റെ പങ്ക് വെറും 16 ശതമാനം മാത്രമാണ്. (ചൈനയിൽ ഇത് 40 ശതമാനം). മൂന്നു കൊല്ലം മുമ്പാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി 'മേയ്ക്ക് ഇൻ ഇന്ത്യ' എന്നൊരു കാംപ്‌യെൻ പ്രഖ്യാപിച്ചത്. എന്നിട്ടും ഇതുവരെ കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമുക്ക് ആവശ്യം പുതിയ പാതകൾ വെട്ടിത്തുറക്കുകയാണ്. Innovation ആണ് നമുക്കാവശ്യം. അങ്ങനെമാത്രമേ നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള മുന്നേറ്റം നേടിയെടുക്കാനാവൂ. Innovation അതായത് പുതിയ ചിന്താസരണികൾ വെട്ടിത്തുറന്ന് പുതിയ നീക്കങ്ങൾ നടത്തുന്നത് – ഇതു നടക്കണമെങ്കിൽ ഗവേഷണം നടത്തി പുതിയ ടെക്നോളജികൾ വികസിപ്പിച്ചെടുക്കാനുള്ള കഴിവ് നാം തന്നെ നേടിയെടുക്കണം.

ഗവേഷണം നമുക്ക് ലഭ്യമാക്കുന്ന അറിവുകൾ ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങളും മറ്റും നിർമ്മിക്കുന്ന പ്രക്രിയ സ്വായത്തമാക്കണം. ഇതിന് ശാസ്ത്രജ്ഞന്മാരുടെ ഒരു വലിയ പടതന്നെ നമുക്കാവശ്യമായി വരും. ഇന്ന് ഗവേഷണത്തിനുവേണ്ടി ഇന്ത്യൻ കമ്പനികൾ ചെലവാക്കുന്ന തുക ഒരാണ്ടിൽ 66 ബില്യൺ ഡോളർ മാത്രമാണ്. ചുമ്മാതല്ല, ലോകരാഷ്ട്രങ്ങളുടെ ഇന്നവേഷൻ ഇൻഡക്സിൽ നാം 66-ാം സ്ഥാനത്തുമാത്രം നിൽക്കുന്നത്. നാം ഗവേഷണത്തിനുവേണ്ടി മുടക്കുന്ന ഈ തുച്ഛമായ തുകയുടെ നല്ലഭാഗവും പൊതുമേഖലാ സ്ഥാപനങ്ങളാണ് മുടക്കുന്നത്. നമ്മുടെ സ്വകാര്യമേഖലാ സ്ഥാപനങ്ങൾ കാര്യമായ ഗവേഷണം നടത്തുന്നതേയില്ല. അതുപോലെതന്നെ നമ്മുടെ സർവകലാശാലകളിലും വ്യവസായശാലകളുമായി ബന്ധപ്പെട്ട ഗവേഷണം നടത്തണം. വ്യവസായങ്ങൾ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഗവേഷണത്തിൽ നമ്മുടെ സർവകലാശാലകൾ സജീവമാകണം. ഇതെല്ലാം പ്രായോഗികമാക്കിയാൽ മാത്രമേ മേക്ക് ഇൻ ഇന്ത്യക്ക് വിജയം കൈവരുത്താനാവൂ.

ചൈനപോലുള്ള രാജ്യങ്ങളിൽനിന്ന് ചുങ്കം ഇല്ലാതെയും കുറഞ്ഞ ചുങ്കത്തിലും നടക്കുന്ന ഇറക്കുമതികൾ നമ്മുടെ ഫാക്ടറികളിൽ നിർമിക്കുന്ന ഉത്പന്നങ്ങളുമായി മത്സരിക്കുന്നു. ഇറക്കുമതിക്കും ന്യായമായ ചുങ്കം ചുമത്തേണ്ടതല്ലേ? പുതിയ ഉത്പന്ന നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കാൻ ആവശ്യമായ നൂറുകൂട്ടം ലൈസൻസുകളും അനുമതികളും നേടിയെടുക്കാനും സംരംഭകർ ബുദ്ധിമുട്ടുന്നു. ഇവിടെയും മാറ്റങ്ങൾ വരുത്തി ലൈസൻസുകൾ എളുപ്പം ലഭ്യമാക്കാനും അവയുടെ കാലാവധി ഒരു വർഷത്തിനു പകരം മൂന്നു വർഷമെങ്കിലും ആയി നിർണയിക്കാനും തയ്യാറായാൽ മാത്രമേ Ease of doing business-ന്റെ കാര്യത്തിൽ നമുക്ക് പുരോഗതിയുണ്ടാവൂ.